REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 08-08-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി വയനാട്ടിലെ ദുരന്തബാധിത പ്രദേശങ്ങൾ മറ്റന്നാൾ സന്ദർശിക്കും . ദുരന്ത ഭൂമിയിൽ നാളെ ജനകീയ തിരച്ചിൽ നടത്തുമെന്ന് മന്ത്രി കെ.രാജൻ.
- വഖഫ് ഭേദഗതി ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും
- തുടർച്ചയായി ഒമ്പതാം തവണയും റിപ്പോ നിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ദ്വൈമാസ വായ്പാനയം പ്രഖ്യാപിച്ചു.
- മുതിർന്ന CPIM നേതാവും പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രിയുമായ ബുദ്ധദേബ് ഭട്ടാചാര്യ അന്തരിച്ചു.
- പെരിന്തൽമണ്ണ നിയമസഭാ തിരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥി നജീബ് കാന്തപുരത്തിന്റെ ജയം ചോദ്യംചെയ്ത് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി.
- പാരിസ് ഒളിംപിക്സിൽ സ്വർണ പ്രതീക്ഷയുമായി നീരജ് ചോപ്ര ഇന്ന് ജാവ്‌ലിൻ ത്രോ ഫൈനലിൽ മത്സരിക്കും.

## വാർത്തകൾ വിശദമായി

**വയനാട്ടിലെ ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ശനിയാഴ്ച എത്തും. പ്രത്യേക വിമാനത്തിൽ കണ്ണൂർ വിമാനത്താവളത്തിൽ എത്തിയശേഷം 12 മണിയോടെ കല്പറ്റയിലെത്തുന്ന പ്രധാനമന്ത്രി ഹെലികോപ്റ്ററിൽ വ്യോമസർവെ നടത്തും. ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളും പ്രധാനമന്ത്രി സന്ദർശിക്കും.**

പ്രധാനമന്ത്രിയുടെ സന്ദർശനത്തെ സ്വാഗതം ചെയ്യുന്നതായി മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. ദുരന്തം ദേശീയ ദുരന്തമായി പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം കല്പറ്റയിൽ അറിയിച്ചു.

✪✪✪

വയനാട് ദുരന്ത ഭൂമിയിൽ നാളെ ജനകീയ തിരച്ചിൽ നടത്തുമെന്ന് മന്ത്രി കെ.രാജൻ അറിയിച്ചു. രാവിലെ എട്ടു മുതൽ നടത്തുന്ന തിരച്ചിലിൽ ബന്ധുക്കൾ, സുഹൃത്തുക്കൾ, ജനപ്രതിനിധികൾ എന്നിവരെയും ഉൾപ്പെടുത്തുമെന്ന് മന്ത്രി കല്പറ്റയിൽ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

വയനാട് ദുരന്തബാധിത മേഖലകളിൽ പ്രധാനമന്ത്രിയുടെ സന്ദർശനം സ്വാഗതാർഹമാണെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ പറഞ്ഞു. കേന്ദ്ര പാക്കേജ് പ്രതീക്ഷിക്കുന്നതായും അദ്ദേഹം കോഴിക്കോട്ട് അറിയിച്ചു. ലോക നിലവാരത്തോടുകൂടിയ മുന്നറിയിപ്പ് സിസ്റ്റം സ്ഥാപിക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു.

✪✪✪

മന്ത്രി കെ രാജൻ ഉച്ചക്ക് കോഴിക്കോട് വിലങ്ങാട് ഉരുൾപ്പൊട്ടൽ ബാധിത പ്രദേശങ്ങൾ സന്ദർശിക്കും. ഉരുട്ടി പാലം, ഉരുൾപൊട്ടലിൽ മരിച്ച മാത്യു മാസ്റ്ററുടെ വീട്, ദുരിതാശ്വാസ ക്യാമ്പ് എന്നിവിടങ്ങളിൽ മന്ത്രി സന്ദർശനം നടത്തും.

✪✪✪

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ന്യൂസിലാൻഡ് സന്ദർശിക്കുന്ന രാഷ്ട്രപതി ദ്രൗപതി മുർമു വെല്ലിംഗ്ടൺ റെയിൽവേ സ്റ്റേഷനിലെ ഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി. വെല്ലിംഗ്ടണിൽ ന്യൂസിലൻഡ് അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തിലും അവർ പങ്കെടുത്തു.

വെല്ലിങ്ടണിൽ ഇന്റർനാഷണൽ എഡ്യുക്കേഷൻ കോൺഫറൻസിനെ അഭിസംബോധന ചെയ്യവേ വിദ്യാഭ്യാസം സാമൂഹിക പരിവർത്തനത്തിന്റെയും രാഷ്ട്ര നിർമാണത്തിന്റെയും മാധ്യമമാണെന്ന് രാഷ്ട്രപതി പറഞ്ഞു. വെല്ലിങ്ടൺ ഗവൺമെന്റ് ഹൗസിൽ രാഷ്ട്രപതിക്ക് ന്യൂസിലാന്റ് ഗവർണർ ജനറൽ ഡാം സിന്റി കിറോയുടെ

നേതൃത്വത്തിൽ ആചാരപരമായ സ്വീകരണവും റോയൽ ഗാർഡ് ഓഫ് ഓണറും നൽകി.

✪✪✪

വഖഫ് ഭേദഗതി ബിൽ ഇന്ന് ലോക്സഭയിൽ അവതരിപ്പിക്കും. ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജുവാണ് 1995ലെ വഖഫ് നിയമം ഭേദഗതി ചെയ്യുന്ന ബിൽ അവതരിപ്പിക്കുക. സംസ്ഥാന വഖഫ് ബോർഡുകളുടെ അധികാരവും പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയങ്ങളും, വഖഫ് സ്വത്തുക്കളുടെ രജിസ്ട്രേഷൻ, സർവേ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹരിക്കാനാണ് ബിൽ ശ്രമിക്കുന്നത്.

അതേസമയം, ബിൽ നേരിട്ട് ബാധിക്കുന്നവരുമായി ഗവൺമെന്റ് ചർച്ച ചെയ്യണമെന്ന് കോൺഗ്രസ് M.P പ്രമോദ് തിവാരി ആവശ്യപ്പെട്ടു. കേന്ദ്രം സർവകക്ഷിയോഗം വിളിച്ച് നിയമനിർമ്മാണത്തിൽ പ്രതിപക്ഷത്തിന്റെ നിർദ്ദേശങ്ങൾ സ്വീകരിക്കണമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ബിൽ അവതരിപ്പിക്കുന്നതിനെ എതിർക്കുമെന്ന് സമാജ്‌വാദി പാർട്ടി എംപി രാജീവ് കുമാർ റായ് പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു. ബിൽ കൂടുതൽ പരിശോധനകൾക്കായി സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് എൻസിപി (ശരദ് പവാർ) എംപി സുപ്രിയ സുലെ ആവശ്യപ്പെട്ടു.

എന്നാൽ, പീഡനത്തിനിരയായ ന്യൂനപക്ഷങ്ങൾക്ക് നീതി ലഭ്യമാക്കാനാണ് നിയമനിർമ്മാണം കൊണ്ടുവന്നതെന്ന് ബിജെപി എംപി സഞ്ജയ് ജയ്സ്വാൾ പറഞ്ഞു. വഖഫ് ബോർഡ് നിയമത്തിലൂടെ പാവപ്പെട്ട ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കാൻ കോൺഗ്രസ് അനുവദിച്ചുവെന്ന് അദ്ദേഹം ആരോപിച്ചു.

✪✪✪

ഡിസാസ്റ്റർ മാനേജ്മെന്റ് ഭേദഗതി ബിൽ, ലോക്സഭ ഇന്ന് പരിഗണിക്കും. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായാണ് ബിൽ അവതരിപ്പിക്കുക.

✪✪✪

ഉള്ളിയുടെയും ഉരുളക്കിഴങ്ങിന്റെയും വിലക്കയറ്റത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷ MP മാർ പാർലമെന്റിന് പുറത്ത് പ്രതിഷേധിച്ചു.

കർഷകരുടെ ഉൽപന്നങ്ങൾക്ക് മിനിമം താങ്ങുവിലയ്ക്ക് നിയമപരമായ ഗ്യാരണ്ടി നൽകണമെന്നും എംപിമാർ ആവശ്യപ്പെട്ടു.

✪✪✪

തുടർച്ചയായി ഒമ്പതാം തവണയും റിപ്പോ നിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ദ്വൈമാസ വായ്പാനയം പ്രഖ്യാപിച്ചു. വാണിജ്യബാങ്കുകൾക്ക് റിസർവ് ബാങ്ക് നൽകുന്ന വായ്പകൾക്ക് ചുമത്തുന്ന പലിശ നിരക്കായ റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരും. സ്റ്റാൻഡിംഗ് ഡെപ്പോസിറ്റ് ഫെസിലിറ്റി നിരക്ക് 6.25 ശതമാനമായും, മാർജിനൽ സ്റ്റാൻഡിംഗ് ഫെസിലിറ്റി നിരക്കും ബാങ്ക് നിരക്കും 6.75 ശതമാനമായും തുടരും.

നടപ്പ് സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിൽ രാജ്യത്തെ പണപ്പെരുപ്പ് നിരക്ക് കുറയുമെന്നാണ് കരുതുന്നതെന്ന് മുംബൈയിൽ വായ്പാനയം പ്രഖ്യാപിച്ച RBI ഗവർണർ ശക്തികാന്ത ദാസ് പറഞ്ഞു. സുസ്ഥിരമായ സാമ്പത്തിക വളർച്ചക്ക് പണപ്പെരുപ്പത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ മോണിറ്ററി പോളിസി കമ്മിറ്റി തീരുമാനിച്ചതായും അദ്ദേഹം അറിയിച്ചു.

✪✪✪

മുതിർന്ന CPIM നേതാവും പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രിയുമായ ബുദ്ധദേബ് ഭട്ടാചാര്യ അന്തരിച്ചു. അദ്ദേഹത്തിന് 80 വയസ്സായിരുന്നു. രാവിലെ കൊൽക്കത്തെയിലെ വസതിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. ശ്വാസകോശ സംബന്ധവും വാർധക്യസഹജവുമായ അസുഖങ്ങളെ തുടർന്ന് ചികിത്സയിലായിരുന്നു. 2015 ലാണ് CPIM, പിബി, കേന്ദ്ര കമ്മിറ്റി സ്ഥാനങ്ങൾ ഒഴിഞ്ഞത്.

ജ്യോതി ബസു ഗവൺമെന്റിൽ 1987–96 കാലത്തു വാർത്താവിനിമയ, സാംസ്കാരിക വകുപ്പും 1996–99 കാലത്ത് ആഭ്യന്തരവും കൈകാര്യം ചെയ്തു. 2000 ജൂലൈയിൽ ഉപമുഖ്യമന്ത്രിയായ ബുദ്ധദേവ്, നവംബറിൽ ആരോഗ്യകാരണങ്ങളാൽ ജ്യോതിബസു സ്ഥാനമൊഴിഞ്ഞതിനെ തുടർന്നു മുഖ്യമന്ത്രിയായി. ഒപ്പം CPIM പൊളിറ്റ് ബ്യൂറോ അംഗവുമായി. 2011 വരെ 11 വർഷമാണ് അദ്ദേഹം ബംഗാളിൽ മുഖ്യമന്ത്രിയായത്.

2006-11 കാലത്ത് വ്യവസായങ്ങൾക്ക് കൃഷിഭൂമി ഏറ്റെടുത്തത് ബുദ്ധദേവ് ഗവൺമെന്റിനെതിരെ ജനരോഷം വർധിപ്പിച്ചു. സിംഗൂർ, നന്ദിഗ്രാം, മിഡ്നാപുർ വിഷയങ്ങൾ ആണ് ബുദ്ധദേവിനും ഇടതുമുന്നണിക്കും തിരിച്ചടിയായത്.

✪✪✪

ISRO ഈ സ്വാതന്ത്ര്യ ദിനത്തിൽ ഇന്ത്യയുടെ സ്മോൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെ മൂന്നാമത്തെയും അവസാനത്തെയും പരീക്ഷണ വിക്ഷേപണം നടത്തും. ഭൗമ നിരീക്ഷണ ഉപഗ്രഹമായ EOS - 08, SSLV ഉപയോഗിച്ച് ശ്രീഹരി കോട്ടയിൽ നിന്ന് വിക്ഷേപിക്കും. രാവിലെ 9.17-നാണ് വിക്ഷേപണം നിശ്ചയിച്ചിരിക്കുന്നത്. 175.5 കിലോയാണ് ഉപഗ്രഹത്തിന്റെ ഭാരം.

✪✪✪

പെരിന്തൽമണ്ണ നിയമസഭാ തിരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥി നജീബ് കാന്തപുരത്തിന്റെ ജയം ചോദ്യംചെയ്ത് എൽഡിഎഫ് സ്ഥാനാർത്ഥി കെ പി മുഹമ്മദ് മുസ്തഫ സമർപ്പിച്ച തെരഞ്ഞെടുപ്പ് ഹർജി ഹൈക്കോടതി തള്ളി. 348 പോസ്റ്റൽ ബാലറ്റുകൾ കണക്കിലെടുക്കാതെ, 38 വോട്ടുകൾക്ക് വിജയിച്ച നജീബ് കാന്തപുരത്തിന്റെ വിജയം അസാധുവാക്കണമെന്ന് ആവശ്യപ്പെട്ടാണ് കെ പി മുഹമ്മദ് മുസ്തഫ കോടതിയെ സമീപിച്ചത്. ഇതിൽ ഭൂരിഭാഗം വോട്ടുകളും തനിക്ക് അർഹതപ്പെട്ടതാണെന്നും, അതിനാൽ വിജയിയായി തന്നെ പ്രഖ്യാപിക്കണമെന്നുമായിരുന്നു മുഹമ്മദ് മുസ്തഫയുടെ വാദം.

ഇത് നിരസിച്ചു കൊണ്ടാണ് കേസ് പരിഗണിച്ച ജസ്റ്റിസ് സി എസ് സുധയുടെ ഉത്തരവ്.

കേസുമായി ബന്ധപ്പെട്ട നടപടിക്കിടെ തിരഞ്ഞെടുപ്പ് രേഖകൾ അടങ്ങിയ പെട്ടി കാണാതെ പോയെന്ന് കണ്ടെത്തിയിരുന്നു. ഇതു പിന്നീട് മലപ്പുറം സഹകരണസംഘം ജോയിന്റ് റജിസ്ട്രാറുടെ ഓഫിസിൽ നിന്ന് കണ്ടെത്തി. ഈ പെട്ടികൾ ഹൈക്കോടതിയിൽ എത്തിച്ചു പരിശോധിച്ചിരുന്നു.

ഹൈക്കോടതി വിധി ഏറെ സന്തോഷം നൽകുന്നതാണെന്ന് നജീബ് കാന്തപുരം പറഞ്ഞു. സത്യം ഒരിക്കലും പരാജയപ്പെടില്ലെന്നും അദ്ദേഹം സ്വകാര്യ ചാനലിനോട് പറഞ്ഞു.

ഹൈക്കോടതി വിധി പ്രതിപക്ഷ നേതാവ് വി ഡി സതീശൻ സ്വാഗതം ചെയ്തു.

✪✪✪

ഖാദി മേഖല സുവർണ്ണ കാലഘട്ടത്തിലൂടെയാണ് കടന്നു പോകുന്നത് എന്ന് മന്ത്രി വി.എൻ വാസവൻ പറഞ്ഞു. വസ്ത്രങ്ങൾ ആകർഷകമായ രീതിയിൽ ഉത്പാദിപ്പിക്കാൻ നടപടികളാണ് ഖാദി ബോർഡിന്റെ നേതൃത്വത്തിൽ നടക്കുന്നത് എന്നും മന്ത്രി പറഞ്ഞു.

കേരള ഖാദി ഗ്രാമവ്യവസായ ബോർഡും അംഗീകൃത ഖാദി സ്ഥാപനങ്ങളും ചേർന്ന് സംഘടിപ്പിക്കുന്ന ഓണം ഖാദി മേള കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെ ആധുനിക രീതിയിൽ നവീകരിച്ച ഖാദി ഗ്രാമ സൗഭാഗ്യ ഷോറൂമിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

മഹാത്മ ഗാന്ധിയുടെ ഛായാചിത്രം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അനാച്ഛാദനം ചെയ്തു.

✪✪✪

മന്ത്രി വി എൻ വാസവൻ കണ്ണൂർ അഴീക്കൽ തുറമുഖം സന്ദർശിച്ചു. തുറമുഖത്തിന്റെ വികസന പ്രവർത്തനങ്ങൾ മന്ത്രി വിലയിരുത്തി.

✪✪✪

പാരിസ് ഒളിംപിക്സിൽ സ്വർണ പ്രതീക്ഷയുമായി ലോക ചാമ്പ്യൻ നീരജ് ചോപ്ര ഇന്ന് ജാവ്‌ലിൻ ത്രോ ഫൈനലിൽ മത്സരിക്കും. രാത്രി 11.55നാണ് മത്സരം.

പുരുഷ ഹോക്കിയിൽ വെങ്കല മെഡലിനായി ഇന്ത്യ ഇന്ന് സ്പെയിനിനെ നേരിടും. അന്താരാഷ്ട്ര ഹോക്കിയിൽ നിന്ന് വിടവാങ്ങൽ പ്രഖ്യാപിച്ച മലയാളി താരം P.R ശ്രീജേഷിന് ഇന്നത്തെ മത്സരം നിർണായകമാണ്.

27 സ്വർണം ഉൾപ്പെടെ 94 മെഡലുമായി അമേരിക്കയാണ് പാരീസ് ഒളിമ്പിക്സിൽ ഇപ്പോൾ ഒന്നാം സ്ഥാനത്ത്. 25 സ്വർണം നേടിയ ചൈനയാണ് രണ്ടാമത്.

✪✪✪

സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിൽ കൂടുതൽ അഴിമതി നടക്കുന്ന തദ്ദേശ സ്ഥാപനമാണ് കോഴിക്കോട് കോർപ്പറേഷനെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. കോർപറേഷനിലെ വികസന മുരടിപ്പിനെതിരെ യുഡിഎഫ് സംഘടിപ്പിച്ച മുൻസിപ്പൽ ആക്ട് സംരക്ഷണ സംഗമം ഉദ്ഘാടനം ചെയ്യുകയായിരന്നു അദ്ദേഹം.

**അഴിമതിക്ക് ഗവേഷണം നടത്തുകയാണെന്നും സതീശൻ കുറ്റപ്പെടുത്തി.**

✪✪✪

**തമിഴ് മാതൃഭാഷയായ കേരളത്തിലെ വിദ്യാർത്ഥികൾക്ക് വേണ്ടി മലയാളം കോഴ്സുമായി കേരള സർവ്വകലാശാല. ആയിരത്തോളം വിദ്യാർത്ഥികൾ ഇതിനോടകം മലയാളം കോഴ്സ് പൂർത്തീകരിച്ച് കഴിഞ്ഞു.**

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.**

**.......(വോയ്സ്)..................**

✪✪✪

**മലമ്പുഴ ഡാമിൽ റൂൾ കർവ് അനുസരിച്ച് പരമാവധി ജലനിരപ്പ് എത്തിയതിനാൽ നാല് സ്പിൽവേ ഷട്ടറുകൾ നേരിയ തോതിൽ ഉയർത്തി. രാവിലെ 11 മണിയോടെ മൂന്ന് സെന്റിമീറ്റർ വീതമാണ് ഉയർത്തിയതെന്ന് പാലക്കാട് ജില്ലാ കലക്ടർ അറിയിച്ചു. മുക്കൈ, കൽപ്പാത്തി, ഭാരതപ്പുഴ തീരവാസികൾക്ക് ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.**

✪✪✪

**ചിമ്മിണി ഡാമിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഇന്ന് ഉച്ചയ്ക്ക് 12 മുതൽ വൈകിട്ട് 5 വരെയും നാളെയും മറ്റന്നാളും രാവിലെ 8 മുതൽ വൈകിട്ട് 5 വരെയും സെക്കൻഡിൽ 6.36 ഘനമീറ്റർ ജലം കുറുമാലി പുഴയിലേയ്ക്ക് ഒഴുക്കി വിടും. കരുവന്നൂർ, കുറുമാലി പുഴകളുടെ തീരങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.**

✪✪✪